# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1641 — 13.07.2011-ൽ മറുപടിക്ക്

### ചുള്ളിമാനൂർ ഫോറസ്റ്റ് ഫ്ലയിംഗ് സ്ക്വാഡ് ഓഫീസിനുള്ളിലെ ചന്ദനമര മോഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ചുള്ളിമാനൂർ ഫോറസ്റ്റ് ഫ്ലയിംഗ് സ്ക്വാഡ് ഓഫീസിനുള്ളിലെ ചന്ദനമരം മുറിച്ചു മാറ്റിയതായി ഫോട്ടോ സഹിതം വന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ; | (ബി) കുറ്റകൃത്യം കണ്ടെത്തിയ 15.6.2011 -ൽ തന്നെ ചുള്ളിമാനൂർ ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ചിലെ ഉദ്യോഗസ്ഥർ മഹസ്സർ തയ്യാറാക്കി നൽകിയതനുസരിച്ച് പാലോട് ഫോറസ്റ്റ് റെയിഞ്ചിൽ ഒ.ആർ. 14/2011 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി കേസിലെ അന്വേഷണവുമായി ബന്ധപ്പെട്ട് 17.6.2011 ന് മുട്ടത്തറ രാജീവ് ഗാന്ധി ലൈനിൽ മുരുകേശൻ എന്നയാളുടെ വീട്ടിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന 38.2 കിലോ ഗ്രാം ചന്ദനം പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) മരം മോഷണം പോയതുമായി ബന്ധപ്പെട്ട് വനം വകുപ്പ് പോലീസിൽ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) ചുള്ളിമാനൂർ ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ചിൽ നിന്നും 15.6.2011-ന് നെടുമങ്ങാട് പോലീസിൽ രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത ഓഫീസ് കോമ്പൗണ്ടിൽ എത്ര ചന്ദന മരങ്ങളാണ് ഉണ്ടായിരുന്നത്; അതിൽ എത്രയെണ്ണമാണ് ഇപ്പോഴുള്ളത്? | (ഡി) 2008 ജൂലൈ മാസത്തിലെ കണക്കെടുപ്പ് പ്രകാരം നെഞ്ചുയരത്തിൽ 30 സെന്റീ മീറ്ററിന് മുകളിൽ വണ്ണം വരുന്ന രണ്ട് ചന്ദനമരങ്ങൾ ഉണ്ടായിരുന്നതിൽ ഒരെണ്ണം നിലവിലുണ്ട്. കൂടാതെ നെഞ്ചുയരത്തിൽ 10 സെന്റീ മീറ്റർ മുതൽ 24 സെന്റീ മീറ്റർ വരെ വണ്ണമുള്ള 9 ചന്ദനത്തൈകൾ ഇപ്പോഴും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ